**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4413** **19-07-2022 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അംബേദ്കർ ഗ്രാമം പദ്ധതിയിൽ എത്ര പട്ടികജാതി ഗ്രാമങ്ങളെ തിരഞ്ഞെടുത്തുവെന്നും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി ഓരോ കോളനിയിലും എന്തെല്ലാം പ്രവൃത്തികളാണ് ചെയ്തതെന്നും അറിയിക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അംബേദ്ക്കർ ഗ്രാമ വികസന പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ 202 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. മോണിറ്ററിങ് കമ്മിറ്റി കൂടി എസ്റ്റിമേറ്റ് അംഗീകരിച്ചതിനു ശേഷം പ്രവൃത്തികൾ ആരംഭിക്കുന്നതാണ് . ഓരോ കോളനിക്കും ഒരു കോടി രൂപ വീതമാണ് ഭരണാനുമതി നൽകുന്നത്. ഇരുപത് ലക്ഷം രൂപ വീതം മൊബിലൈസേഷൻ അഡ്വാൻസ് ആയി നൽകുന്നതിനും നിർദേശിച്ചിട്ടുണ്ട് |
| (ബി) | ഓരോ കോളനിക്കുമായി എത്ര തുകയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അംബേദ്ക്കർ ഗ്രാമ വികസന പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ 202 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. മോണിറ്ററിങ് കമ്മിറ്റി കൂടി എസ്റ്റിമേറ്റ് അംഗീകരിച്ചതിനു ശേഷം പ്രവൃത്തികൾ ആരംഭിക്കുന്നതാണ് . ഓരോ കോളനിക്കും ഒരു കോടി രൂപ വീതമാണ് ഭരണാനുമതി നൽകുന്നത്. ഇരുപത് ലക്ഷം രൂപ വീതം മൊബിലൈസേഷൻ അഡ്വാൻസ് ആയി നൽകുന്നതിനും നിർദേശിച്ചിട്ടുണ്ട് |
| (സി) | പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ? | (സി) | പ്രസ്തുത കോളനികളുടെ പുരോഗതി വിലയിരുത്തി വരുന്നു. തെരഞ്ഞെടുത്ത 202 കോളനികളിൽ 128 കോളനികളുടെ ആദ്യ ഘട്ട മോണിറ്ററിങ് കമ്മറ്റികൾ കൂടുകയും, 15 കോളനികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ